സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള ഫീസ് നിരക്കനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം 2005-06 അദ്ധ്യയന വർഷം മുതൽ അനുവദിച്ചു നൽകിക്കൊണ്ട് 2-7-2005-ലെ ജി. ഒ. (എം.എസ്.) നമ്പർ. 28/05/പ.ജ.പ.വ.വി.വ. നമ്പരായുള്ള സർക്കാർ ഉത്തരവുപ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. +

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹിൽ ഹൈവേ നിർമ്മാണം

5 [*160] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, കെ. കെ. ജയചന്ദ്രൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഹിൽ ഹൈവേയുടെ നിർമ്മാണ ഉദ്ഘാടനം എന്നാണ് നടന്നത്;

(സി) ഒന്നാം ഘട്ടത്തിന്റെ ദർഘാസുകൾ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഒന്നാം ഘട്ടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് പുതുതായി എത്ര കിലോ മീറ്റർ റോഡ് നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) ഹിൽ ഹൈവേ ഒന്നാം ഘട്ടം കാസർഗോഡ് നിന്നും തുടങ്ങി പാലക്കാട് ജില്ലയിൽ അവസാനിക്കുന്ന ഭാഗമാണ്. ഇതിൽ കണ്ണൂർ ജില്ലയിൽ വരുന്ന പുറഞ്ഞാൽ-ചെമ്പേരി-പൂപ്പറമ്പ-വെമ്പുവ-പയ്യാവൂർ റോഡിൽ 10 കി. മീറ്റർ ഭാഗത്ത് നിർമ്മാണം നടന്നു വരുന്നു. കൂടാതെ വയനാട് ജില്ലയിൽ വരുന്ന മാനന്തവാടി കൽപ്പറ്റ റോഡിന്റെ 34 കി. മീറ്റർ ഭാഗം ബി. എം. ആന്റ് ബി. സി. ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ഈ ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ബി) 14-1-2005-ൽ ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

(സി) ഒന്നാം ഘട്ടത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ 10 കി. മീറ്റർ ഭാഗത്ത് ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. പണി നടന്നു വരുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപ്പറഞ്ഞ ഭാഗത്ത് വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്, മാർച്ച് മാസത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ മറ്റു ഭാഗങ്ങളിലെ പണികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ എപ്പോൾ പൂർത്തിയാകുമെന്ന് കൃത്യമായി ഇപ്പോൾ പറയാനാവില്ല.

(ഇ) ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് വയനാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന അരുണപ്പുഴ-തമ്പുരാട്ടിക്കല്ല് ലിങ്ക് വികസനത്തിനായി 13 കി. മീറ്റർ കോഴിക്കോട് ജില്ലയ്ക്കായി നിർദ്ദേശിക്കപ്പെട്ട ലൂപ്പ് റോഡിൽ പാനോ-കുഞ്ഞോം സെക്ഷനിൽ 10 കി. മീറ്ററും കക്കടാംപൊയിൽ-അകമ്പാടം സെക്ഷനിൽ 17 കി. മീറ്ററും ഉൾപ്പെടെ മൊത്തം 40 കി.മീറ്റർ റോഡ് പുതിയതായി നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിന്റെ പ്രാധാന്യം

6 [*161] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിൽ എത്ര രാജ്യങ്ങളുടെ പ്രതിനിധികളാണ് പങ്കെടുത്തതെന്നറിയിക്കാമോ;

(ബി) ഈ വിദ്യാഭ്യാസ സംഗമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വിദേശ സർവ്വകലാശാലകളും സംസ്ഥാന സർവ്വകലാശാലകളും ചേർന്ന് സംയുക്ത കോഴ്സുകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 23 രാജ്യങ്ങളിൽ നിന്നായി 36 പ്രതിനിധികളും 13 വിദേശ എംബസി ഉദ്യോഗസ്ഥരും പങ്കെടുത്തു.

(ബി) അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ വികസിത രാജ്യങ്ങളുടെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെയും സാഹചര്യവുമായി തട്ടിച്ച് നോക്കി അടിസ്ഥാന സൗകര്യം, വ്യവസ്ഥിതി, നടപടിക്രമം, നിയന്ത്രണ സംവിധാനം, ഭരണ സംവിധാനം, മനുഷ്യ വിഭവശേഷി എന്നിവ അവലോകനം ചെയ്യുക.
2. വിദേശ പങ്കാളികളുമായി സഹകരണം സാദ്ധ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly